കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ ത്രിതല പഞ്ചായത്തുകൾ അട്ടപ്പാടി മേഖലയിൽ നടപ്പാക്കുന്നതിന് ഏറ്റെടുക്കുന്ന മരാമത്ത് പ്രോജക്ടുകളും നീർത്തടാധിഷ്ഠിത പ്രോജക്ടുകളും നിർവ്വഹണം നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി അഹാഡ്സിനെ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ (സാധാ) നം.77/2010/തസ്വഭവ തീയതി. തിരുവനന്തപുരം 07.01.2010

---

പരാമർശം : (1) സ.ഉ.(സാധാ) നം.978/2007/തസ്വഭവ തീയതി 28.03.2007.
(2) സ.ഉ (എം.എസ്) 133/2007/തസ്വഭവ തീയതി 18.05.2007
(3) ഗ്രാമ വികസന കമ്മീഷണറുടെ 09.09.2009 ലെ 14691/എൻ.ആർ.ഇ.ജി.സെൽ/ 2009/സി.ആർ.ഡി നമ്പർ കത്ത്.
(4) 14.10.2009 ലെ വികേന്ദ്രീകൃതാസൂത്രണം സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനം (ഇനം.2.5)

ഉത്തരവ്

അട്ടപ്പാടി മേഖലയിലെ പഞ്ചായത്തുകൾ നീർത്തടാധിഷ്ഠിത പ്രോജക്ടുകളുടെ ആസൂത്രണത്തിനും നിർവ്വഹണ മേൽനോട്ടത്തിനും സാങ്കേതിക സഹായം നൽകുന്ന ഏജൻസിയായി അട്ടപ്പാടി ഹിൽസ് ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റിയെ (അഹാഡ്സ്) അംഗീകരിക്കണമെന്ന് ഗ്രാമ വികസന കമ്മീഷണർ പരാമർശം മൂന്ന് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് പരാമർശം ഒന്ന് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ച് ചുവടെ പ്രതിപാദിക്കുന്നത് പ്രകാരം ഉത്തരവാകുന്നു.

പാലക്കാട് ജില്ലയിലെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ അട്ടപ്പാടി മേഖലയിൽ നടപ്പാക്കുന്നതിനുവേണ്ടി ഏറ്റെടുക്കുന്ന നീർത്തടാധിഷ്ഠിത വികസന പ്രോജക്ടുകളുടെ ആസൂത്രണത്തിനും മരാമത്ത് പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിനുമുള്ള അക്രഡിറ്റഡ് ഏജൻസിയായി അട്ടപ്പാടി ഹിൽസ് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയെ (അഹാഡ്സ്) സർക്കാർ അംഗീകരിക്കുന്നു. ഈ രീതിയിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിന്, അക്രഡിറ്റഡ് ഏജൻസികൾ മുഖേന

പ്രവൃത്തികൾ നടപ്പാക്കുവാൻ പരാമർശം രണ്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രസിഡന്റ്/സെക്രട്ടറി, പാലക്കാട് ജില്ലാ പഞ്ചായത്ത്
2. പ്രസിഡന്റ്/സെക്രട്ടറി, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്,
3. അട്ടപ്പാടി ബ്ലോക്ക് പരിധിയിലെ എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ, പാലക്കാട്.
5. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
7. ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
8. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിട്രേഷൻ,തൃശ്ശൂർ
9. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ്, കൊട്ടാരക്കര
10. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
11. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
12. ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
13. ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറി (ജില്ലാ കളക്ടർ), പാലക്കാട്
14. പ്രോജക്ട് ഡയറക്ടർ, അട്ടപ്പാടി ഹിൽസ് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി.
15. ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്
16. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
17. അസിസ്റ്റന്റ് ഡെവലപ്പമെന്റ് കമ്മീഷണർ (ജനറൽ), പാലക്കാട്
18. ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ, പാലക്കാട്
19. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, പാലക്കാട്
20. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പാലക്കാട്
21. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
22. സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
23. ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ
24. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
25. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
26. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരി പത്രം സഹിതം)
27. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് :-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
4. തദ്ദേശ സ്വയംഭരണ ഡി.എ/ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ